(ബി) ജില്ലയിൽ വന്ന 96 പദ്ധതികളിൽ 40 എണ്ണത്തിന് ക്ലിയറൻസ് നൽകാൻ പ്രസ്തുത ബോർഡ് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. അനുമതി നൽകപ്പെട്ട 40 പദ്ധതികളിൽ 129.75 കോടി രൂപ മൂലധന നിക്ഷേപം വരുന്ന 9 പദ്ധതികൾ പ്രവർത്തനമാരംഭിച്ചു. ബാക്കി 31 പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. ഇതിനുപുറമേ ഐ.പി.ബി.-യുടെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള നിക്ഷേപകരുടെ പ്രശ്നങ്ങൾ പഠിച്ച് അവയ്ക്ക് ഉചിതമായ പരിഹാര നടപടികളും കൈക്കൊള്ളുന്നുണ്ട്.

(സി) ബോർഡ് രൂപീകരിച്ചതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ കൈവരിക്കുന്നുണ്ട്.

കാഷ്യൂ കോർപ്പറേഷന്റെ കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിക്കാൻ നടപടി

146 [3040] ശ്രീ. ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഷ്യൂ കോർപ്പറേഷന്റെ കീഴിലുള്ള കശുവണ്ടി ഫാക്ടറികൾ എന്നത്തേയ്ക്ക് തുറന്നു പ്രവർത്തിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഫാക്ടറികൾ തുറക്കുവാനുള്ള നടപടികൾ എന്തെന്നു വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കാഷ്യൂ കോർപ്പറേഷന് എന്ത് സാമ്പത്തിക ബാദ്ധ്യതയാണ് ഉണ്ടാക്കിയിരുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) കശുവണ്ടി വികസന കോർപ്പറേഷൻ ബാങ്കുകൾക്ക് നൽകുവാനുള്ള ബാദ്ധ്യതയായി നിജപ്പെടുത്തിയ 107.57 കോടി രൂപ ദീർഘകാല വായ്പയായി അഞ്ചു ഗഡുക്കളായി നൽകുവാൻ ഉത്തരവായിട്ടുണ്ട്.

ബാങ്കുകളിൽ നിന്നും പുതിയ വായ്പകൾ ലഭ്യമാകുന്ന മുറയ്ക്ക് കശുവണ്ടി ഫാക്ടറികൾ തുറക്കുന്നതാണ്.

(സി) ആകെ 18461.89 ലക്ഷം രൂപയുടെ നഷ്ടമാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കശുവണ്ടി വികസന കോർപ്പറേഷനുണ്ടായത്.

കോസ്ടെക്കിന്റെ പരിശീലന പരിപാടി

147 [3149] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ഇലക്ട്രോണിക്സ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് സംസ്ഥാനത്തെ സഹകരണസംഘം ജീവനക്കാർക്കും സഹകരണ വകുപ്പിലെ ജീവനക്കാർക്കും എന്തെങ്കിലും പരിശീലന പരിപാടി നടത്തിവരുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly